പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3052** **10.12.2018-ൽ**
**മറുപടിക്ക്**

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) നിർമ്മാണത്തിലെ അശാസ്ത്രീയതമൂലം തകർച്ചയിലാകുന്ന സംസ്ഥാനത്തെ PWD റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനായി, ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. ഈ ലബോറട്ടറികളിൽ, റോഡ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ട നിർമ്മാണ വസ്തുക്കൾ മുൻകൂർ ആയി തന്നെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്ന സംവിധാനമൊരുക്കിയിട്ടുണ്ട്. റോഡുകൾ ദീർഘകാലം കേടുപാടുകൾ ഇല്ലാതെ നിലനിർത്തുക എന്ന ആശയത്തിലൂന്നി, കയർ ഭൂവസ്ത്ര നിർമ്മാണ രീതി, ഫുൾ ഡെപ്ത് റിപ്പയറിംഗ്, റീ സൈക്ലിംഗ് നിർമ്മാണങ്ങൾ തുടങ്ങിയ നവീന നിർമ്മാണ രീതികൾ പൊതുമരാമത്ത് വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരികയാണ്. റോഡിൽ ഉണ്ടാകുന്ന കുഴികൾ, വേഗത്തിൽ മൂടുന്നതിന് ഉപയോഗിക്കാവുന്ന ഒരു ടാർ മിശ്രിതം, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. മഴക്കാലം പോലുള്ള അനുകൂലമല്ലാത്ത സാഹചര്യങ്ങളിലും, കുഴികൾ മൂടുന്നതിന് ടി മിശ്രിതം, കൂടുതൽ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. 'ഖണ്ഡാൽ മിശ്രിതം' എന്നാണ് ഇത് അറിയപ്പെടുന്നത്. |
| (ബി) പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്ന ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവൃത്തികളിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ? | (ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് |

എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും ആയതിന്റെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ